## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155 11.02.2020-ൽ മറുപടിക്ക്**

## പബ്ലിക് ഹെൽത്ത് കേഡർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;<br>(ബി) ഇതിനായി ഏതെല്ലാം തസ്തികകളാണ് പുനർവിന്യസിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | സ.ഉ (കൈ) 71/2019/ആകുവ തീയതി 13/05/2019 പ്രകാരം ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനനുസരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. നടപടികൾ പൂർത്തിയായി വരുന്ന മുറയ്ക്ക് മാത്രമേ തസ്തികകൾ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് തീരുമാനമാകുകയുള്ളൂ. |
| (സി) വകുപ്പിൽ എത്ര കേഡർ തസ്തികകളാണ് നിശ്ചയിച്ചിരിക്കുന്നത്; ഓരോന്നിന്റെയും ചുമതലകൾ വിവരിക്കുമോ? | (സി ) | ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മെഡിക്കൽ ഓഫീസർമാരുടെ 4 കേഡറുകളാണ് നിലവിലുള്ളത്. കേഡറുകളുടെ പേര് ചുവടെ ചേർക്കുന്നു.<br>(A) അഡ്മിനിസ്ട്രേറ്റീവ് കേഡർ<br>(B) ജനറൽ കേഡർ<br>(C) സ്പെഷ്യാലിറ്റി കേഡർ<br>D (a) പബ്ലിക് ഹെൽത്ത് ലബോറട്ടറി കേഡർ<br>D (b) ബ്ലഡ് ബാങ്ക് ആന്റ് ക്ലിനിക്കൽ ലാബ് (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ) കേഡർ<br><br>സാധാരണ ഗതിയിൽ ആശുപത്രികളിലെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഉദ്യോഗസ്ഥരാണ്. ജനറൽ കേഡറിലെ മെഡിക്കൽ ഓഫീസർമാർ രോഗീ |

ചികിത്സയും, അഡ്മിനിസ്ട്രേറ്റീവ് തലത്തിലെ ഉദ്യോഗസ്ഥർ ഇല്ലാത്ത സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലകളും നിർവ്വഹിക്കുന്നുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ ഉദ്യോഗസ്ഥന്മാർ രോഗീ ചികിത്സാ രംഗത്താണ് പ്രവർത്തിക്കുന്നത്. പബ്ലിക് ഹെൽത്ത് ലബോറട്ടറി കേഡറിലെ മെഡിക്കൽ ഓഫീസർമാർ പബ്ലിക് ഹെൽത്ത് ലാബുകളിൽ പ്രവർത്തിച്ചു വരുന്നു. ബ്ലഡ് ബാങ്ക് ആന്റ് ക്ലിനിക്കൽ ലാബ് (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ) കേഡറിലെ മെഡിക്കൽ ഓഫീസർമാർ ജനറൽ, ജില്ലാ താലൂക്ക് തല ആശുപത്രികളിലെ ലാബുകളിലും ബ്ലഡ് ബാങ്കിലും പ്രവർത്തിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**